സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
THE FIRST MALAYALAM DAILY ESTD 1887

04 February 2022




# സിഎംഎഫ്ആർഐക്ക് 75 വയസ്

## ഒരു വർഷത്തെ ആഘോഷത്തിനു തുടക്കം

**കൊച്ചി:** കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) 75 വയസ്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷത്തിനു തുടക്കമായി. 1947ൽ ഫെബ്രുവരി മൂന്നിന് മറൈൻ ഫിഷറീസ് റിസർച്ച് സ്റ്റേഷൻ എന്ന പേരിൽ മദ്രാസ് യൂണിവേഴ്സിറ്റിക്ക് കീഴിൽ മദ്രാസിലാണ് സിഎംഎഫ്ആർഐ സ്ഥാപിക്കപ്പെട്ടത്.

കടലിൽനിന്നു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ കണക്കെടുപ്പു മുതൽ സമുദ്ര മത്സ്യ സമ്പത്തിന്റെ മൂല്യനിർണയവും കടലിൽ നിന്നുള്ള ഔഷധ നിർമാണം വരെയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സിഎംഎഫ്ആർഐ ഏറ്റെടുത്തു നടത്തുന്നുണ്ട്.

സ്ഥാപക ദിനാഘോഷ ചടങ്ങിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ.ജെന മുഖ്യാതിഥിയായിരുന്നു.

സമുദ്രമേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി കാലാവസ്ഥാവ്യതിയാന പഠനം പോലുള്ളവയ്ക്ക് സിഎംഎഫ്ആർഐ ഊന്നൽ നൽകുമെന്ന് ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ പറഞ്ഞു.

ജൂബിലി ലോഗോയും തീം സോംഗും ചടങ്ങിൽ പ്രകാശനം ചെയ്തു. ഡോ.മിറിയം പോൾ ശ്രീറാം പ്രസംഗിച്ചു.